**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2159 11.02.2020 ൽ മറുപടിക്ക്

## എഫ്.എച്ച്.സി.യിലെ നിയമനം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുന്നിയൂർ എഫ്.എച്ച്.സി.യിൽ ലാബ് ടെക്നീഷ്യനേയും തേഞ്ഞിപ്പാലം എഫ്.എച്ച്.സി.യിൽ ലാബ് ടെക്നീഷ്യനെയും സ്റ്റാഫ് നഴ്സിനേയും നിയമിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നുവോ;വ്യക്തമാക്കുമോ; | (എ) | മുന്നിയൂർ എഫ്.എച്ച്.സി. യിൽ ലാബ് ടെക്നീഷ്യനേയും തേഞ്ഞിപ്പാലം എഫ്.എച്ച്.സി.യിൽ ലാബ് ടെക്നീഷ്യനെയും, സ്റ്റാഫ് നഴ്സിനേയും നിയമിക്കുന്നത് സംബന്ധിച്ച് ബഹു.എം.എൽ.എ ശ്രീ.അബ്ദുൽ ഹമീദ് പി. സമർപ്പിച്ച കത്ത് ലഭിച്ചിരുന്നു. |
| (ബി) | പ്രസ്തുത നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കൊണ്ട് ആരോഗ്യ വകുപ്പ് സെക്രട്ടറി 04.01.2020-ലെ എം1/945/2019 നമ്പരായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടോ;വെളിപ്പെടുത്തുമോ; | (ബി) | 04.01.2020 ലെ എം1/945/2019 ആ.കു.വ നമ്പർ സർക്കാർ കത്ത് പ്രകാരം പ്രസ്തുത നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ? | (സി) | പ്രസ്തുത നിവേദനത്തിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇ.എഫ്2/2851/20/ആ.വ.ഡ നമ്പർ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ